(ബി) മലയാളം ഭരണഭാഷയായി സ്വീകരിച്ചിട്ടുള്ള വകുപ്പുകളിൽ എന്തെല്ലാം കാര്യങ്ങൾക്കാണ് അത് ഉപയോഗിക്കുന്നത്;

(സി) എത്ര കാലത്തിനുള്ളിൽ എല്ലാ വകുപ്പുകളിലും മലയാളം ഭരണഭാഷയാക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ ) സംസ്ഥാനത്ത് 68 വകുപ്പുകളിലും സെക്രട്ടേറിയറ്റിലെ അവയുടെ ഭരണ വകുപ്പുകളിലും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, കേരള പിന്നോക്ക വിഭാഗ കമ്മിഷൻ, കേരള വനിതാ കമ്മിഷൻ, ലോകായുക്ത, ഓംബുഡ്സ്മാൻ എന്നീ അഞ്ചു സ്വയംഭരണ സ്ഥാപനങ്ങളിലും മലയാളം ഭരണ ഭാഷയാക്കി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അവയുടെ പട്ടിക അനുബന്ധത്തിൽ കാണാവുന്നതാണ്. †

(ബി) കേന്ദ്ര സർക്കാർ അന്യസംസ്ഥാനങ്ങൾ, സംസ്ഥാനത്തിനകത്തുള്ള കേന്ദ്രസർക്കാർ ഓഫീസുകൾ, കോടതി, തമിഴ്, കന്നട, ഭാഷാ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിങ്ങനെ നിയമപരമായി ഇംഗ്ലീഷോ ന്യൂനപക്ഷ ഭാഷകളോ ഉപയോഗിക്കേണ്ട സംഗതികളൊഴികെ എല്ലാ ഔദ്യോഗികാവശ്യങ്ങൾക്കും മലയാളം ഉപയോഗിക്കുന്നതു നിർബന്ധമാക്കിയിട്ടുണ്ട്.

(സി) കഴിയുന്നതും വേഗം എല്ലാ വകുപ്പുകളിലും ഭരണഭാഷ മലയാളമാക്കാനാണ് തീരുമാനം. ഇതു സംബന്ധിച്ച് പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

എസ്. എസ്. എൽ. സി. പരീക്ഷാ കേന്ദ്രങ്ങളിലെ ഇൻവിജിലേറ്റർ നിയമനം

225[369] ശ്രീമതി മാലേത്ത് സരളാദേവി:

„ എൻ. ശക്തൻ:

പ്രൊഫ. സാവിത്രി ലക്ഷ്മണൻ:

ശ്രീ. പി. ടി. തോമസ്:

„ ടി. വി. ചന്ദ്രമോഹൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്. എസ്. എൽ. സി. പരീക്ഷയ്ക്ക് അവർ ജോലി ചെയ്യുന്ന സ്കൂളിലെ അദ്ധ്യാപകരെ അവിടെത്തന്നെ ഇൻവിജിലേറ്ററായി നിയമിക്കരുതെന്ന് വ്യവസ്ഥയുണ്ടോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ ഈ വ്യവസ്ഥ കൃത്യമായി പാലിക്കുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) അദ്ധ്യാപകർ ജോലി ചെയ്യുന്ന സ്കൂളിൽത്തന്നെ അവരെ ഇൻവിജിലേറ്റർമാരായി നിയമിക്കുന്ന രീതി കൂടുതൽ ക്രമക്കേടുകൾ ഉണ്ടാകാൻ കാരണമാകുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ ആന്റ് ബി ) എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് ഇൻവിജിലേറ്റർ മാരായി നിയമിക്കുന്ന അദ്ധ്യാപകരെ അവർ ജോലി ചെയ്യുന്ന സ്കൂളിൽതന്നെ പരീക്ഷാ ഡ്യൂട്ടിക്കായി നിയമിക്കരുതെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ചില സന്ദർഭങ്ങളിൽ ഡ്യൂട്ടിക്ക് നിയോഗിക്കപ്പെടുന്ന അദ്ധ്യാപകർ അവിചാരിത മായുണ്ടാകുന്ന കാരണങ്ങളാൽ ഹാജരാകാതെ വന്നാൽ പരീക്ഷാനടത്തിപ്പിന്റെ പ്രാധാന്യം കണക്കിലെടുത്ത് അതേ സ്കൂളിലെതന്നെ അദ്ധ്യാപകരെ നിയമിക്കേണ്ടി വന്നിട്ടുണ്ട്. ഇത്തരം സാഹചര്യങ്ങളിൽ ആ അദ്ധ്യാപകരെ റഗുലർ വിദ്യാർത്ഥികൾ എഴുതുന്ന ഹാളുകളിൽ ഡ്യൂട്ടിക്ക് നിയോഗിക്കാറില്ല.

(സി) ബാധകമല്ല.

(ഡി) ഒഴിച്ചുകൂടാൻ പറ്റാത്ത സാഹചര്യങ്ങളിൽ അതേ സ്കൂളിലെതന്നെ അദ്ധ്യാപകരെ പരീക്ഷാ ഡ്യൂട്ടിക്ക് നിയോഗിക്കേണ്ടിവരാറുണ്ട്. എന്നാൽ ക്രമക്കേടുകൾ ഉണ്ടാകുന്നതിനുള്ള സാഹചര്യം ഒഴിവാക്കുന്നതിലേക്ക് ഇവരെ അതേ സ്കൂളിൽതന്നെ റഗുലർ വിദ്യാർത്ഥികൾ പരീക്ഷ എഴുതുന്ന ഹാളുകളിൽ നിയോഗിക്കാറില്ല. ഡ്യൂട്ടിക്ക് നിയോഗിക്കുന്ന അദ്ധ്യാപകരുടെ മക്കളോ അടുത്ത ബന്ധുക്കളോ അതേ സ്കൂളിൽ പരീക്ഷ എഴുതുകയാണെങ്കിലും അവരെ ഡ്യൂട്ടിക്ക് നിയോഗിക്കാറില്ല.

സംസ്ഥാനത്ത് നദി സംരക്ഷണ ഫണ്ട് ഉപയോഗിച്ചുള്ള പ്രവർത്തികൾ

226 [370] ശ്രീ. വി. കെ. ചന്ദ്രൻ:

" എ. കെ. ബാലൻ:

" മഞ്ഞളാംകുഴി അലി:

" കെ. രാധാകൃഷ്ണൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നദി സംരക്ഷണ ഫണ്ട് (റിവർ മാനേജ്മെന്റ് ഫണ്ട്) ഉപയോഗിച്ച് എന്തെല്ലാം പ്രവർത്തികളാണ് ഇപ്പോൾ ചെയ്തു വരുന്നത്;

LIBRARY ARCHIVES Kerala Legislative Assembly